സ്കൂൾ/കോളേജ്തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്നിനെതിരെയുള്ള അവബോധം വളർത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ അദ്ധ്യാപകർക്കായി 'അതിജീവനം' എന്ന കൈപ്പുസ്തകവും ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കായി 'ലഹരി' എന്ന പുസ്തകവും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.

വിലസ്ഥിരതാ പദ്ധതി

22 (*T*172) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സാജു പോൾ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ പ്രതിസന്ധി പരിഹരിക്കാൻ പ്രഖ്യാപിച്ച വിലസ്ഥിരതാ പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നു; അത് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരം അപേക്ഷ നൽകിയവർക്കെല്ലാം ആനുകൂല്യം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതുസംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നീക്കിവച്ച തുക എത്രയായിരുന്നു; അതിൽ നാളിതുവരെ എത്ര തുക ചെലവഴിക്കപ്പെട്ടുവെന്ന കണക്ക് ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഉണ്ട്.

(ബി) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ 3-7-2015 ലെ സ.ഉ.(പി) നമ്പർ 269/2015/ധന. പ്രകാരം 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി വരികയാണ്. റബ്ബർ ഉല്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കിയതിലൂടെ റബ്ബറിന്റെ വിലത്തകർച്ചമൂലം കർഷകർ റബ്ബർ കൃഷി ഉപേക്ഷിക്കുന്ന പ്രവണത തടയാൻ കഴിഞ്ഞിട്ടുണ്ട്.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ 3,46,485 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കർഷകർ സമർപ്പിക്കുന്ന സെയിൽസ് ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്കാണ് സബ്സിഡി വിതരണം ചെയ്യുന്നത്. ആയത് പ്രകാരം 10-2-2016 വരെ 3,94,038 സെയിൽസ് ബില്ലുകളിലായി 97.54 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ശാസ്ത്ര ഗവേഷണ അഭിരുചി

23 (*173) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികളുടെ ശാസ്ത്ര ഗവേഷണ അഭിരുചി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായകരമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് സയൻസ് & ടെക്നോളജി വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്നത് ;

(ബി) വിദ്യാർത്ഥികളിലെ ശാസ്ത്രാഭിരുചി വളർത്തിയെടുക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ലബോറട്ടറി സൗകര്യം ഒരുക്കിക്കൊടുക്കുന്നതിനായി ശാസ്ത്രപോഷിണി പദ്ധതി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, പോളിടെക്നിക്, ബിരുദം എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്ര വിഷയത്തിൽ പ്രോജക്ടുകൾ ചെയ്യാൻ സഹായിക്കുന്ന സ്പെറ്റിസ് പദ്ധതി (പരമാവധി 15,000 രൂപ) എന്നിവ നടപ്പിലാക്കി വരുന്നു. എല്ലാ വർഷവും ഫെബ്രുവരി 28-ന് ദേശീയ ശാസ്ത്ര ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലുടനീളം സെമിനാർ, സിമ്പോസിയം, ചിത്രരചനാ മത്സരം തുടങ്ങിയവ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്നു. പോസ്റ്റ് ഡോക്ടർ ഫെലോഷിപ്പിലൂടെ ഡോക്ടർ ഡിഗ്രി കോഴ്സ് കഴിഞ്ഞവർക്ക് തുടർ ഗവേഷണം

LIBRARY ARCHIVES Kerala Legislative Assembly